## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. റ്റി.2036 7/07/2015-ൽ മറുപടിക്ക്

# അതിരപ്പിള്ളി വൈദ്യുതപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നിർത്തിവച്ച അതിരപ്പിള്ളി വൈദ്യുത പദ്ധതി പുനരാവിഷ്ക്കരിക്കാൻ ആലോചനകൾ ഉണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ, പദ്ധതി പ്രാവർത്തികമാക്കാൻ ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ ; | (ബി) 163 MW സ്ഥാപിതശേഷിയും 233 മില്യൻ യൂണിറ്റ് വാർഷികോല്പാദനവുമുള്ള അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയ്ക്കായുള്ള പാരിസ്ഥിതികാനുമതി 2007-ൽ ലഭിച്ചിരുന്നു. കേന്ദ്രപരിസ്ഥിതി മന്ത്രാലയം 2010-ൽ ടി അനുമതി റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസിന് കെ.എസ്.ഇ.ബി.ലിമിറ്റഡ് മറുപടി നൽകിയിട്ടുണ്ട്. കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയം ടി പദ്ധതി പ്രൊഫസർ മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ 'western Ghat Ecological Expert Panel (WGEEP)-ന്റെ പരിഗണനയ്ക്കായി വിട്ടു. തുടർന്നു മന്ത്രാലയം Dr.കസ്തൂരിരംഗൻ അദ്ധ്യക്ഷനായ ഹൈലവൽ വർക്കിംഗ് ഗ്രൂപ്പ് (HLWG)-യുടെ പരിഗണനയ്ക്ക് പ്രസ്തുത പദ്ധതി വിട്ടു. HLWG – ന്റെ റിപ്പോർട്ട് പ്രകാരം പ്രസ്തുത പദ്ധതി ചില നിബന്ധനകൾക്ക് വിധേയമായി നടപ്പാക്കാമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. HLWG– യുടെ ശുപാർശ പ്രകാരം ടി പദ്ധതി യുടെ |

C . . . . 2)

ജലലഭ്യത പുന:പരിശോധിച്ച് മിനിമം 'ഇക്കോളജിക്കൽഫ്ലോ' നിലനിർത്തിക്കൊണ്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള റിപ്പോർട്ട് കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) അതിരപ്പിള്ളി വൈദ്യുത പദ്ധതി സംബന്ധിച്ച് സർക്കാരിന്റെ നയമെന്തെന്ന് വിശദമാക്കുമോ ? | (സി) പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**